**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് കേരള മുനിസിപ്പൽ കോമൺ സർവ്വീസ് വിജിലൻസ് റിപ്പോർട്ട് കൊച്ചി നഗരസഭയിലെ യു.ഡി.ക്ലാർക്കുമാരായിരുന്ന ശ്രീമതി. എസ്. ജയശ്രീ, ശ്രീമതി. എൽ രാജേശ്വരി എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ. (സാധാ) നം. 2595/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 26.07.2017

പരാമർശം : 1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഇ 7/എസ്.സി 23/11/ EKM/(C )28830/11 നമ്പർ കത്ത്.

2) സർക്കാരിൽ നിന്നുള്ള 21.02.2014 തീയതിയിലെ 24468/ഇയു2/തസ്വഭവ നമ്പർ മെമ്മോ.

3) നഗരകാര്യ ഡയറക്ടറുടെ 20.04.2015 തീയതിയിലെ വി1 5543/14 നമ്പർ റിപ്പോർട്ട്.

<u>ഉത്തരവ്</u>

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ നിർദ്ദേശമനുസരിച്ച് കൊച്ചി നഗരസഭ വൈറ്റില മേഖലാ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ Money Declaration Register, Casual Leave Register എന്നിവ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ലായെന്നും ബിൽഡിംഗ് പെർമിറ്റ് അനുവദിക്കാൻ തടസ്സമുള്ളതിന്റെ കാരണം കാണിച്ച് അപേക്ഷകന് നോട്ടീസ് അയയ്ക്കുവാൻ അനുവദനീയമായ സമയത്തിൽ കൂടുതൽ എടുക്കുന്നതായും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 ലെ ശിപാർശ പ്രകാരം ടി നഗരസഭയിലെ യു.ഡി.ക്ലാർക്കുമാരായിരുന്ന ശ്രീമതി. എസ്. ജയശ്രീ, ശ്രീമതി. എൽ. രാജേശ്വരി എന്നിവർക്ക് പരാമർശം 2 പ്രകാരം മെമ്മോ നൽകുകയുണ്ടായി. ആയതിന് ടിയാളുകൾ നൽകിയ മറുപടിയിന്മേലുള്ള നഗരസഭാ സെക്രട്ടറിയുടെ വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീമതി. എൽ. രാജേശ്വരി സമർപ്പിച്ച മറുപടി പ്രകാരം സെക്ഷനിൽ Money Declaration കൈകാര്യം ചെയ്യുന്ന രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും, Casual Leave Register ന്റെ ചുമതല നൽകാതിരുന്നതിനാലുമാണ് ആയത് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കാനാകാത്തതെന്നും, ലഭിക്കുന്ന ബിൽഡിംഗ് പെർമിറ്റ് അപേക്ഷകൾ 3 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ബിൽഡിംഗ് ഇൻസ്പെക്ടർമാരുടെ റിപ്പോർട്ടിനായി അയയ്ക്കേണ്ടതിനാലും ആയതിന് റിപ്പോർട്ട് ലഭിക്കുന്നതിന് വരുന്ന കാലതാമസവും സോണൽ ഓഫീസിലെ 7 ഡിവിഷനുകളിലെ അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കേണ്ടതിനാലുമാണ് കാലതാമസം ഉണ്ടായത് എന്നതിനാലും, പ്രസ്തുത വീഴ്ച മാപ്പാക്കണമെന്നും വീഴ്ചവരുത്തിയ ഫയലുകളിൽ അടിയന്തിര നടപടി സ്വീകരിച്ചിട്ടുള്ളതാണെന്നും ആയതിനാൽ തുടർ നടപടികൾ ഒഴിവാക്കണമെന്നും അപേക്ഷിച്ചു.

3. ശ്രീമതി. എസ്. ജയശ്രീ കുറ്റാരോപണ മെമ്മോയ്ക്ക് നൽകിയ മറുപടി പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ സൈറ്റ് ഇൻസ്പെക്ഷൻ റിപ്പോർട്ട് എഴുതി വരുന്നതിന് താമസം നേരിടുമ്പോഴാണ് നോട്ടീസ് നൽകുന്നതിന് സെക്ഷൻ ക്ലാർക്ക് എന്ന നിലയിൽ കാലതാമസം വരുന്നത്. നോട്ടീസുകൾ നഗരസഭാ പരിധിക്കുള്ളിലാണെങ്കിൽ നേരിട്ട് നടത്തേണ്ടതുള്ളതാണ്. എന്നാൽ പലപ്പോഴും ബന്ധപ്പെട്ട വ്യക്തികളെ സൈറ്റിൽ കണ്ടെത്തുവാൻ കഴിയാത്തതിനാൽ ലോക്കൽ തപാൽ മാർഗ്ഗമാണ് അയയ്ക്കുന്നത്. സ്റ്റാമ്പിന്റെ ലഭ്യതക്കുറവും പലപ്പോഴും നോട്ടീസ് അയയ്ക്കുന്നതിന് തടസ്സമാകാറുണ്ട്. അപേക്ഷ ബിൽഡിംഗ് ഇൻസ്പെക്ടർമാർക്ക് കൈമാറിയ തീയതിയും തിരികെ ലഭിച്ച തീയതിയും രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാലാണ് നോട്ടീസ് നൽകിയ സമയപരിധി കൂടുതലായി വന്നത് എന്ന് പരിശോധനാ വേളയിൽ നേരിട്ട് പരിശോധനാ ഉദ്യോഗസ്ഥർ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഫയൽ തിരികെ ലഭിച്ച തീയതിയിൽ തന്നെ നോട്ടീസ് തയ്യാറാക്കിയിട്ടുള്ളതും ആയത് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ഫയൽ തിരികെ ലഭിച്ച തീയതി രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാലാണ് ക്ലാർക്കിന്റെ ഭാഗത്തെ വീഴ്ചയായി കാണേണ്ടിവന്നത്. ആയതിനാൽ നോട്ടീസ് നൽകുന്നതിന് മനഃപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലാത്തതാണ് എന്നും, കാഷ്വൽ ലീവ് രജിസ്റ്റർ, മണി ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നത് സെക്ഷൻ ക്ലാർക്കായ തന്റെ ചുമതലയിൽപ്പെടുന്നതല്ലാത്തതിനാൽ ആയത് സംബന്ധിച്ചുള്ള ആരോപണത്തിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും കൂടാതെ വിജിലൻസ് പരിശോധനയിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ചിട്ടുള്ളതിനാൽ തന്നിൽ ആരോപിച്ച കൃത്യവിലോപം മാപ്പാക്കി തുടർനടപടികൾ ഒഴിവാക്കണമെന്നും അപേക്ഷിച്ചു

4. ഇക്കാര്യത്തിലുള്ള നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കെട്ടിട നിർമ്മാണ ഫയലുകൾ ക്ലാർക്കുമാർക്ക് തിരികെ ലഭിച്ച തീയതിയിൽ തന്നെ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതായും, മണി ഡിക്ലറേഷൻ രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നത് ക്ലാർക്കുമാരുടെ അധികാര പരിധിയിൽ വരുന്നതല്ല എന്നിരുന്നാലും വിജിലൻസ് പരിശോധനയ്ക്ക് ശേഷം മണി ഡിക്ലറേഷൻ രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചു വരുന്നുണ്ടെന്നും വകുപ്പ് മേധാവി നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5. സർക്കാർ ഇക്കാര്യം കുറ്റാരോപണ മെമ്മോയിന്മേലുള്ള ജീവനക്കാരുടെ മറുപടിയുടേയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ചകളൊന്നും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നതിനാലും വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ വീഴ്ചകൾ പരിഹരിച്ചിട്ടുള്ള സാഹചര്യത്തിലും കൊച്ചി നഗരസഭ വൈറ്റില മേഖലാ ഓഫീസിലെ യു.ഡി. ക്ലാർക്കുമാരായിരുന്ന ശ്രീമതി. എൽ. രാജേശ്വരി,

ശ്രീമതി. എസ്. ജയശ്രീ എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിലെ തുടർനടപടികൾ ഒഴിവാക്കി ഉത്തരവാകുന്നു

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**

എസ്. മോഹൻദാസ്,

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം

ശ്രീമതി. എൽ രാജേശ്വരി, യു.ഡി. ക്ലാർക്ക്, കൊച്ചി നഗരസഭ } നഗരകാര്യ

ശ്രീമതി, എസ്. ജിയശ്രീ, യു.ഡി. ക്ലാർക്ക്, കൊച്ചി നഗരസഭ } ഡയറക്ടർ മുഖേന

എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ